# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/205/2017 2017 ഒക്ടോബർ 04

## <u>പത്രക്കുറിപ്പ്</u>

**എം.ജി. പി.ജി. ഏകജാലകം: എസ്.സി./എസ്.ടി. ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു: അർഹത നേടിയവർ ഇന്ന് (ഒക്ടോബർ 5) വൈകുന്നേരം നാലു മണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴി 2017 ൽ പി.ജി. പ്രവേശനത്തിന് എസ്.സി./ എസ്.ടി. വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച്, അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഇന്ന് (ഒക്ടോബർ 5) വൈകുന്നേരം നാലുമണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇന്ന് ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനു ശേഷം 'കൺഫർമേഷൻ സ്ലിപ്' കോളേജധികൃതരിൽ നിന്നും ചോദിച്ചു വാങ്ങേണ്ടതും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നുറപ്പു വരുത്തേണ്ടതുമാണ്.

**എം.ജി. ബി.പി.എഡ്/ബി.എൽ.ഐ.എസ്.സി ഏകജാലക പ്രവേശനം: മെറിറ്റ്/സംവരണ സീറ്റുകളിലേക്കുള്ള ഫൈനൽ അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ഒക്ടോബർ 6 വരെ**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള ബി.പി.എഡ്/ബി.എൽ.ഐ.എസ്.സി. പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെന്റ് നടത്തുന്നതാണ്. ഇതിനായി നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും നാളെ (ഒക്ടോബർ 6) വരെ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഒപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി അപേക്ഷകൻ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. ലോഗിൻ ചെയ്തശേഷം അപേക്ഷകനു താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരീക്ഷാ തീയതി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ രണ്ടാം സെമസ്റ്റർ എം.എഡ് (സി.എസ്.എസ്.) (2016 – 18 ബാച്ച്) ഡിഗ്രി എക്സ്റ്റേണൽ പരീക്ഷകൾ ഒക്ടോബർ 16ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 9 വരെയും 50 രൂപ പിഴയോടെ 11 വരെയും സ്വീകരിക്കും.

**ബി.കോം പുനർമൂല്യനിർണ്ണയഫലം**

2016 ഒക്ടോബർ മാസം നടന്ന മൂന്നാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ പുനർമൂല്യനിർണ്ണയഫലം ഭാഗികമായി സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർക്ക് വ്യത്യാസമുള്ളവർ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത മെമ്മോ സഹിതം ബന്ധപ്പെട്ട ബി.കോം സി.ബി.സി.എസ്.എസ്. സെക്ഷനുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**പരീക്ഷാഫലം**

2017 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ (ഫിസിക്കൽ എജ്യുക്കേഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**സർവ്വകലാശാലാ യൂണിയൻ ഉദ്ഘാടനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയന്റെ ഉദ്ഘാടനം ഒക്ടോബർ 6 വെള്ളിയാഴ്ച 2.30ന് സർവ്വകലാശാലാ ക്യാമ്പസിലെ അസംബ്ലി ഹാളിൽ വെച്ച് ഡോ. സുനിൽ പി. ഇളയിടം നിർവ്വഹിക്കുന്നതാണ്.

**കോളേജ് യൂണിയൻ ഭാരവാഹികളുടെ യോഗം നാളെ**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ മുഴുവൻ അഫിലിയേറ്റഡ് കോളേജുകളിലെയും കോളേജ് യൂണിയൻ ഭാരവാഹികളുടെ യോഗം നാളെ (ഒക്ടോബർ 6) ഉച്ച കഴിഞ്ഞ് 2 മണിക്ക് സർവ്വകലാശാലാ അസംബ്ലി ഹാളിൽ നടത്തും. എക്സിക്യൂട്ടീവ് അംഗങ്ങൾ ഉൾപ്പെടെ എല്ലാ കോളേജ് യൂണിയൻ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ഉച്ചയ്ക്ക് 1.30 മുതൽ രജിസ്ട്രേഷൻ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8606170434. ഇമെയിൽ : mguniversityunion2016@gmail.com.

**ഒന്നാം സെമസ്റ്റർ യു.ജി. ഉത്തരക്കടലാസ്**

മഹാത്മാഗാന്ധി സർവ്വകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ഡിഗ്രി റഗുലർ/സപ്ലിമെന്ററി പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി കൈപ്പറ്റിയിട്ടുള്ള അദ്ധ്യാപകർ മൂല്യനിർണ്ണയം അടിയന്തിരമായി പൂർത്തിയാക്കി നാളെ (ഒക്ടോബർ 6) വൈകീട്ട് അഞ്ച് മണിക്ക് മുൻപായി പരീക്ഷാഭവൻ അനക്സിൽ എത്തിക്കേണ്ടതാണ്.

**ഫിസിയോ തെറാപ്പി ചികിത്സ**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസ് എബിലിറ്റി സ്റ്റഡീസിൽ പ്രവർത്തിച്ചുവരുന്ന 'ഡ്രീംസിൽ' (ഡിസ് എബിലിറ്റി റീഹാബിലിറ്റേഷൻ ഏർളി അസ്സസ്മെന്റ് ആന്റ് മാനേജ്മെന്റ് സർവ്വീസസ്) മുതിർന്നവർക്കും, കുട്ടികൾക്കും ഫിസിയോതെറാപ്പി സൗകര്യം ലഭ്യമാണ്. പക്ഷാഘാതം, സന്ധിവാതം, ആമവാതം, നടുവേദന, കൈകാൽ വേദന തുടങ്ങിയ അസുഖങ്ങൾക്ക് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ സഹായം ലഭ്യമാണ്. ഫോൺ: 9495213248, 0481 2731580

**കൗൺസലിംഗ് അഡ്വാൻസ് കോഴ്സ്**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസ് എബിലിറ്റി സ്റ്റഡീസിൽ പത്ത് ദിവസത്തെ കൗൺസലിംഗ് അഡ്വാൻസ് കോഴ്സ് ഒക്ടോബർ 25 മുതൽ നടത്തുന്നു. വിവിധ തരത്തിലുള്ള കൗൺസലിംഗ് തെറാപ്പികളെപ്പറ്റിയുള്ള വിശദമായ ക്ലാസ്സുകൾ വിദഗ്ദ്ധർ നയിക്കുന്നതാണ്. കൗൺസലിംഗിന്റെ പ്രാഥമിക കോഴ്സ് കഴിഞ്ഞിട്ടുള്ളവർക്ക് സർട്ടിഫിക്കറ്റ് കോഴ്സിന് പങ്കെടുക്കാവുന്നതാണ്. താല്പര്യമുള്ളവർ ബയോഡാറ്റയും ഫീസായ 2500 രൂപയും സഹിതം രജിസ്റ്റർ ചെയ്യണം. ഫോൺ: 9495213248, 0481 2731580 ഇമെയിൽ: iucdsmgu@gmail.com.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**